**<u>15 -ാം കേരള നിയമസഭ</u>**

**<u>13 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5878</u>** **<u>25-03-2025 - ൽ മറുപടിയ്ക്ക്</u>**

**<u>മട്ടന്നൂർ കിൻഫ്ര വ്യവസായ പാർക്ക്</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | മട്ടന്നൂർ കിൻഫ്ര വ്യവസായ പാർക്കിൽ നിലവിൽ എത്ര വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) | മട്ടന്നൂർ കിൻഫ്ര വ്യവസായ പാർക്കിൽ 13 സംരംഭകർക്ക് ഭൂമി അനുവദിച്ചിട്ടുണ്ട്; അതിൽ 4 യൂണിറ്റുകൾ നിലവിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | മട്ടന്നൂർ നിയോജകമണ്ഡലത്തിൽ സംരംഭകത്വ വർഷത്തിന്റെ ഭാഗമായി ആരംഭിച്ച വ്യവസായങ്ങൾ എത്രയെന്ന് വ്യക്തമാക്കുമോ; | (ബി) | 2266 |
| (സി) | കോളേജ് വിദ്യാർത്ഥികളിലെ സംരംഭകത്വ ആശയങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും പ്രാവർത്തികമാക്കുന്നതിനും വ്യവസായ വകുപ്പ് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമാണെന്ന് അറിയിക്കുമോ? | (സി) | ഉണ്ട്;<br><br>കോളേജ് വിദ്യാർത്ഥികളിലെ സംരംഭകത്വ ആശയങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും പ്രാവർത്തികമാക്കുന്നതിനും വ്യവസായ വകുപ്പ് ആവിഷ്കരിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു:<br><br>**<u>1) ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക്</u>**<br><br>വ്യവസായ ആവശ്യത്തിനായി സ്ഥല ലഭ്യതയുടെ കുറവ് പരിഹരിക്കുന്നതിനായും സംസ്ഥാനത്ത് ഉടനീളമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി ഉപയുക്തമാക്കി ക്യാമ്പസ് വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതുവഴി വിദ്യാർത്ഥി സമൂഹത്തിൽ വ്യവസായ സംരംഭകത്വം വളർത്താനും, വ്യവസായ സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്താനും കഴിയുന്നതാണെന്നുള്ള വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന നവീന പദ്ധതിയാണ് ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് ക്യാമ്പസ് വ്യവസായ പാർക്കുകളിൽ വരുന്ന സംരംഭങ്ങളിൽ apprenticeship/internship-നുള്ള അവസരം നൽകി അവർക്ക് സ്വന്തമായി സംരംഭം തുടങ്ങുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | അവസരം നൽകുന്നതിന് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.<br><br>**<u>2) ഇ.ഡി. ക്ലബ്ബ് (Entreprenuer Development Club)</u>**<br><br>യുവാക്കൾക്കിടയിൽ സംരംഭകത്വ സംസ്കാരം വളർത്തിയെടുക്കുന്നതിനും, പുതുതലമുറയുടെ സംരംഭകത്വത്തിന്റെ പതാകവാഹകരായി പ്രവർത്തിക്കാനുള്ള കഴിവും, സാങ്കേതിക പരിജ്ഞാനവും, ആത്മവിശ്വാസവും നൽകി അവരെ സജ്ജരാക്കുന്നതിനുമായി സ്കൂളുകളിലും, കോളേജുകളിലും സംരംഭകത്വ വികസന ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. സംരംഭകത്വ ഗുണങ്ങൾ വളർത്തിയെടുക്കുന്നതിനും സംസ്ഥാനത്തിന്റെ വ്യാവസായിക സാഹചര്യങ്ങളെക്കുറിച്ച് ബോധവത്കരിക്കുന്നതിനും മറഞ്ഞിരിക്കുന്ന സംരംഭക പ്രതിഭകളെ പരിപോഷിപ്പിക്കുന്നതിനും ക്ലബ്ബ് അംഗങ്ങൾക്കിടയിൽ സംരംഭക മനോഭാവം, മൂല്യബോധം എന്നിവ വളർത്തിയെടുക്കുന്നതിനും ഉതകുന്ന പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ